# അക്കാദമിക

# മാസ്റ്റർപ്ലാൻ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എ.എം.എൽ.പി.എസ്. കോന്നല്ലൂർ.

വിലാസം : അനന്താവൂർ.പി.ഒ തിരുന്നാവായ

സ്കൂൾ കോഡ് : 19731

വിദ്യാഭ്യാസ ഉപജില്ല : തിരൂർ

വിദ്യാഭ്യാസ ജില്ല : തിരൂർ

റവന്യൂ ജില്ല : മലപ്പുറം

ബി.ആർ.സി : തിരൂർ

സി.ആർ.സി : ജി.എം.എൽ.പി.എസ് വലിയപറപ്പൂർ.

ഗ്രാമപഞ്ചായത്ത് : തിരുന്നാവായ

ബ്ലോക്ക് പഞ്ചായത്ത് : തിരൂർ

ലോകസഭാമണ്ഡലം : പൊന്നാനി

നിയമസഭാമണ്ഡലം : തിരൂർ

താലൂക്ക് : തിരൂർ

വില്ലേജ് : അനന്താവൂർ

# ആമുഖം

1926 ഫെബ്രുവരി 26 നാണ് ഈ വിദ്യാലയം ആരംഭിച്ചത്. ശ്രീ. കായൽമഠത്തി കുഞ്ഞഹമ്മദ് ഹാജി ആയിരുന്നു ആദ്യ മാനേജർ. സമീപത്തൊരു പീടികയിലാ-യിരുന്നു ഇതിന്റെ തുടക്കം. അതിനു ശേഷം സ്വന്തമായി കെട്ടിടമുണ്ടാക്കി. അന്ന് 5-ാം ക്ലാസ് വരെ ഉണ്ടായിരുന്നു. ഗവ: ഓർഡർ പ്രകാരം 5-ാം ക്ലാസ് ഒഴിവാക്കി. അന്നത്തെ മാനേജ രുടെ കാലശേഷം ശ്രീ. കായൽമഠത്തിൽ മൊയ്തീൻകുട്ടി മാനേജരായി. ഇപ്പോൾ ശ്രീ. പാത്തിക്കൽ ഹംസഹാജിയാണ് മാനേജ ഇതോടൊപ്പം ഒരു നഴ്സറിയും പ്രവർത്തി ക്കുന്നുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങ ളിൽ സ്കൂൾ നല്ല നിലവാരം പുലർത്തുന്നു ഈ വിദ്യാലയത്തിൽ നല്ല രീതിയിൽ പ്രവ ർത്തിക്കുന്ന PTA, MTA, SSG എന്നിവയുമുണ്ട് കൂടാതെ പൂർവ വിദ്യാർത്ഥികൾ, നാട്ടുകാർ ക്ലബ് അംഗങ്ങൾ തുടങ്ങിയവരുടെ നല്ല സഹകരണവും ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

## ലക്ഷ്യങ്ങൾ

ഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പാക്കുക.

* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതുതലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ക്ലാസ് പാഠഭാഗ പ്രവർത്തനങ്ങൾക്കൊപ്പം ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* ഗണിതശേഷി വികാസത്തിനുതകുന്നതരത്തിൽ ക്ലാസ് തലത്തിൽ വ്യത്യസ്തവും കൃത്യവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* അസംബ്ലിയിൽ ആഴ്ചയിലൊരിക്കൽ ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.
* പഠനവിടവ് നികത്തുക
* എല്ലാ കുട്ടികൾക്കും പൊതുവിജ്ഞാനം ഉറപ്പുവരുത്തുക.
* സർഗാത്മകശേഷി വികാസം ഉറപ്പുവരുത്തുക.
* പച്ചക്കറിത്തോട്ടം, പൂന്തോട്ടം വിപുലപ്പെടുത്തുക.
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും പറയാനുമുള്ള ശേഷി വികസിപ്പിക്കുക.

മേഖല - സാമൂഹികം

ലക്ഷ്യം: കുട്ടികളെ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാക്കാനും ചുറ്റുമുള്ളവരിൽ അവശതയനുഭവിക്കുന്നവരെ സഹായിക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുക. കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാളിന് മധുരത്തിന് പകരം "ഞാനുമുണ്ട് കൂടെ" എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. പിറന്നാളിനും മറ്റ് വിശേഷാവസരങ്ങളിലും ഈ നിക്ഷേപപ്പെട്ടിയിൽ തുക ഇടുന്നു. വർഷാവസാനം or പാലിയേറ്റീവ് ദിനത്തിൽ അർഹതപ്പെട്ട ആളെ കണ്ടെത്തി ആ തുക കുട്ടികളെക്കൊണ്ടു തന്നെ വിതരണം ചെയ്യിക്കുന്നു.

മേഖല - അക്കാദമികം

പ്രവർത്തനങ്ങൾ.

ലക്ഷ്യം: നമ്മുടെ കുട്ടികൾ മത്സരപ്പരീക്ഷകളിൽ ഉന്നതവിജയം കൈവരിക്കുന്നതിന്.

പ്രവർത്തനങ്ങൾ: ദിവസവും ഒരു GK എന്ന രീതിയിൽ എല്ലാ ക്ലാസുകാർക്കും അവരുടെ നിലവാരത്തിനനുസരിച്ച് നൽകുന്നു. മാസാവസാനം Quiz മത്സരം നടത്തുന്നു. March-ൽ Mega Quiz - 1 മുതൽ 4 വരെ ക്ലാസുകാർക്ക് സമ്മാനം നൽകുന്നു.

* ആഴ്ചയിൽ ഒരു ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകാർക്കും ഇടവിട്ട് ചുമതല നൽകുന്നു.

* പാഠപുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ
  Skit, Conversation, Drama, Reading corner.

* സ്കൂൾ കോമ്പൗണ്ടിൽ വിവിധതരം സസ്യങ്ങളും ചെടികളും നട്ടുപിടിപ്പിക്കുന്നു. വിദ്യാലയ പരിസരം ഹരിതാപമാക്കുക.
* അസംബ്ലിയിൽ ആഴ്ചയിൽ ഒരു ദിവസം
* ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.
* ക്ലാസ്തല ലൈബ്രറി, ലാബ് ഇടങ്ങിയവ സജ്ജീകരിക്കുന്നു.
* ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
* വിവിധ ക്ലബുകൾ രൂപീകരിക്കുന്നു.
* ക്ലബ്തല പ്രവർത്തനങ്ങൾ നടത്തുന്നു.
* സൈബർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
* സ്കൂൾ ജാഗ്രതാസമിതി രൂപീകരിക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഓരോ മാസവും ഓരോ പ്രവർത്തനം വീതം 10 പ്രവർത്തന പദ്ധതികൾ നടത്താൻ തീരുമാനിച്ചു.

ജൂൺ മാസത്തിൽ വായനാദിനാചരണം നടത്തുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തുന്നു. സാഹിത്യക്വിസ്, കവിതാ പാരായണം, Library book വിതരണം, ക്ലാസിൽ ഒരു വായനാകൂട്, വായനാക്കുറിപ്പ്, കഥാരചന മത്സരം രക്ഷിതാക്കൾക്ക് News reading competition, ചിത്രകഥാ പുസ്തകം എന്നിങ്ങനെയുള്ള വിവിധങ്ങളായ പരിപാടികളാണ് നടത്താനുദ്ദേശിക്കുന്നത്.

ജൂലൈ മാസത്തിൽ parenting class നടത്താനും അതിനായി രക്ഷിതാക്കൾക്ക് ഒരു motivation class സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

ആഗസ്റ്റ് മാസത്തിലെ നന്മപ്രവർത്തനം medical camp നടത്തുക എന്നതാണ്. അതിനായി അടുത്തുള്ള പ്രാഥമികാരോഗ്യ-കേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകർ സ്കൂളിൽ വന്ന് കുട്ടികളുടെ medical check-up നടത്താൻ തീരുമാനിച്ചു.

സെപ്റ്റംബർ മാസത്തിൽ അധ്യാപക ദിനത്തിന്റെ ഭാഗമായി ഈ സ്കൂളിൽ നിന്നും വിരമിച്ച അധ്യാപകരെ ആസ്കൂളിൽ വരുത്തി ആദരിക്കുക. കൂടാതെ കുട്ടികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

ഒക്ടോബർ മാസത്തിൽ "my little world" എന്ന പേരിൽ ഒരു പ്രദർശനമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ പ്രൈമറി ക്ലാസിലെ കുട്ടികളുടെ പഠനം, സ്വയം അനുഭവ ആർജ്ജിതശേഷി, അവതരണം, പ്രദർശനം, പങ്കുവെക്കൽ, കലയും പഠനവും സംയോജിപ്പിച്ച് അവബോധം വർദ്ധിപ്പിക്കുക. വീട്ടിലെയും സ്കൂളിലെയും പരിസരങ്ങൾ അടിസ്ഥാനമാക്കി അവരുടെ ചിന്താവീഥികളും വികസിപ്പിക്കുക എന്നതാണ്

സ്റ്റിൽ മോഡൽ, വർക്ക് എക്സ്പീരിയൻസ്,
ശേഖരണം, അവതരണം എന്നിവയായിരിക്കും
പ്രദർശനത്തിൽ ഉൾപ്പെടുന്നവ. ഓരോ ക്ലാസ്
അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് മത്സര
രൂപത്തിലായിരിക്കും പ്രദർശനം.

October മാസത്തിൽ sports day
കൂടി നടത്തിയിട്ടുണ്ട്. അന്ന് കുട്ടികൾക്കായുള്ള
sports jercy പ്രകാശനവും കൂടാതെ sports
injury ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

November മാസത്തിൽ മണ്ണിനെ
അറിയാൻ എന്ന പദ്ധതിയാണ് നടപ്പിലാക്കു-
ന്നത്. കുട്ടികളെ പ്രകൃതിയുമായി നേരിട്ട് അടുപ്പ-
ിക്കുവാനായി എല്ലാ ക്ലാസിലും field trip
സംഘടിപ്പിക്കുന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്.
അറിയാൻ ഓരോ ക്ലാസിലും അവരവർക്ക് യോജിച്ച
രീതിയിൽ field trip സംഘടിപ്പിക്കുന്നത്. മണ്ണി
നെ അറിയുവാനും ജീവജാലങ്ങളെ നേരിട്ടറിയു
വാനും ചെറിയ കുട്ടികൾക്ക് കൃഷി നടത്താം.
നടന്നുവരുന്ന കൃഷിയിടങ്ങളെ നേരിട്ട് കണ്ട് മനസ്സി
ലാക്കാനും കൃഷിയുടെ വിവിധ ഘട്ടങ്ങൾ അറിയാനും
കൃഷിയിടങ്ങൾ സന്ദർശിക്കുന്ന ചരിത്ര പ്രാധാന്യമുള്ള
സ്ഥലങ്ങൾ, പൈതൃകസ്ഥാപനങ്ങൾ, എന്നിവയെക്കുറിച്ച്
നേരിട്ടറിയുവാനും ഇത്തരം സ്ഥലങ്ങൾ സന്ദർശിക്കുന്നത്
കൂടുതൽ പഠിക്കാനുള്ള അവസരങ്ങൾ മനസ്സിലാക്കുന്നത്

കുട്ടികൾക്ക് വളരെയധികം ഉപകാരമാകും.

December മാസത്തിൽ കുട്ടികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഒരു ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നു. രസകരമായി ക്യാമ്പിൽ ചിത്രം വരയ്ക്കാൻ പഠിക്കുന്നു. കരകൗശല വസ്തുക്കൾ നിർമ്മാണം നടത്തുന്നു. കുട്ടികൾക്ക് രസകരമായി പാടി രസിക്കാൻ നാടൻപാട്ട് സംഘടിപ്പിക്കുന്നു. ഓരോ പരിപാടികളും വിദഗ്ധരായ ആളുകളെ കൊണ്ടുവന്ന് ആണ് സംഘടിപ്പിക്കുന്നത്.

January മാസത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർധിപ്പിക്കുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും വേണ്ടി നൂറാം വാർഷികത്തോടനുബന്ധിച്ച് 'English Fest' സംഘടിപ്പിക്കുന്നു. ഈ പരിപാടിക്ക് നേതൃത്വം കൊടുക്കുന്നതും അത് പൂർത്തിയാക്കുന്നതും 4-ാം ക്ലാസിലെ മുതിർന്ന കുട്ടികളാണ്. ഇതിൽ 1,2 ക്ലാസിലെ കുട്ടികൾക്ക് welcome song, new word game, Picture talk, action song തുടങ്ങിയ പ്രവർത്തനങ്ങളും 3,4 ക്ലാസിലെ കുട്ടികൾക്ക് conversation, speech, role play on articles, new word game, word chain എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നൽകുന്നു. ഒരു വിജ്ഞാനപ്രദ കാര്യം ഒരുക്കുന്നത്.

February മാസത്തിൽ സ്കൂൾ 100-ാം വാർ-
ഷികം അതിഗംഭീരമായ രീതിയിൽ തന്നെ ആഘോഷി-
ക്കുന്നതാണ്. കൂടാതെ യാത്രയയപ്പും ഇതോടൊപ്പം
ഒരുക്കുന്നു. വിവിധങ്ങളായ കലാപരിപാടികൾ
നടത്തുന്നു.

മാർച്ച് മാസത്തിൽ വിദ്യാർത്ഥികളുടെ
സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും
സ്കൂളിലെ പഠനപ്രവർത്തനങ്ങൾ പൊതുജന-
ങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെ-
യും ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നതാണ്.
അതിനായി കുട്ടികളുടെ മികച്ച ചെറുകഥകൾ.
കവിതകൾ, ലേഖനങ്ങൾ, ചിത്രീകരണങ്ങൾ.കാർ-
ട്ടൂണുകൾ അടങ്ങിയ കുട്ടികളുടെ സൃഷ്ടികൾ ഉൾ-
പ്പെടുത്തുന്നു. മാഗസിൻ തയാറാക്കി online-
ആയി പ്രസിദ്ധീകരിക്കുന്നു.